## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : സുരേന്ദ്ര കുമാർ ഐ.എഫ്.എസ്

വിഷയം : കേരള വനംവന്യജീവി വകുപ്പ് - കാട്ടുതീ പ്രതിരോധം - വയനാട് വന്യജീവി സങ്കേതത്തിൽ സന്ദർശകരെ നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

സൂചന : വയനാട് വൈൽഡ്‌ലൈഫ് വാർഡന്റെ 01.02.2019 ഡബ്ള്യു.(8) 1890/2016 നമ്പർകത്ത്.

**ഉത്തരവ് നമ്പർ ഡബ്ള്യു.എൽ.4- 11201/2016 തീയതി: 13.02.2019**

കടുത്ത വരൾച്ചമൂലം വയനാട് വന്യജീവി സങ്കേതത്തിൽ പല ഭാഗങ്ങളിലും കാട്ടുതീ ഉണ്ടാകുവാൻ സാധ്യതയുള്ളതായി വയനാട് വൈൽഡ്‌ലൈഫ് വാർഡൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വന്യജീവി സങ്കേതത്തിന്റെ സംരക്ഷണത്തിനായും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായും വയനാട് വന്യജീവി സങ്കേതത്തിന്റെ അംഗീകരിച്ച മാനേജ്മെന്റ് പ്ലാനിന്റെ 6.4.2.5 ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം, വയനാട് വന്യജീവി സങ്കേതത്തിൽ സന്ദർശകർക്കുള്ള പ്രവേശനം 2019 ഫെബ്രുവരി 18-ാം തീയതി മുതൽ ഏപ്രിൽ 15-ാം തീയതി വരെയുള്ള കാലയളവിൽ നിരോധിക്കണമെന്ന് മേൽ സൂചന പ്രകാരം വൈൽഡ്‌ലൈഫ് വാർഡൻ, വയനാട് വന്യജീവി സങ്കേതം ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, 1972-ലെ വന്യജീവി സംരക്ഷണ നിയമം, 33-ാം വകുപ്പ് പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽ 2019 ഫെബ്രുവരി 18-ാം തീയതി മുതൽ ഏപ്രിൽ 15-ാം തീയതിവരെയുള്ള കാലയളവിൽ സന്ദർശകർക്ക് പ്രവേശനം നിരോധിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്)
& ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ

പകർപ്പ്:

1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) പാലക്കാട്.
2. വൈൽഡ്‌ലൈഫ് വാർഡൻ, വയനാട്.
3. ഡയറക്ടർ, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
4. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്).

D:\Preetha\2019\WL4\Pro\11201 - 16 dt. 13.02. (M).doc